**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**<u>Hazrat Khalifathullah Munir Ahmad Azim (A)</u>**

**03 November 2017 / (13 Safar 1439 Hijira)**

## THE PERFECT BOOK (PART 2) സമ്പൂർണ്ണ ഗ്രന്ഥം (ഭാഗം 02)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **സമ്പൂർണ്ണ ഗ്രന്ഥം** എന്ന വിഷയത്തിൽ വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹിക്കുകയുണ്ടായി.

മഹത്തായ ഈ ഗ്രന്ഥം അതിൽ യാതൊരു സംശയവുമില്ല. സൂക്ഷിച്ചു ജീവിക്കുന്നവർക്ക് മാർഗ്ഗ ദർശനമാകുന്നു. അദൃശ്യ യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുകയും നമസ്ക്കാരം (മുറ പ്രകാരം) അനുഷ്ഠിക്കുകയും നാം അവർക്ക് നല്കിയതിൽ നിന്നും (നന്മയുടെ മാർഗ്ഗത്തിൽ) ചെലവഴിക്കുകയും ചെയ്യുന്നവരാണവർ. താങ്കൾക്ക് അവതരിപ്പിക്കപ്പെട്ടതിലും താങ്കളുടെ മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുന്നവരും പരലോകത്തെകുറിച്ച് ദൃഢബോധമുള്ളവരുമാണവർ (2:3-5)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു (ത) ഞാൻ കഴിഞ്ഞ ആഴ്ച പ്രസംഗത്തിന്റെ രണ്ടാം ഭാഗം തുടരുവാനുള്ള തൗഫീഖ് തന്നിരിക്കുകയാണ്. അതിൽ, വിശ്വാസികൾ, എല്ലാ ദിവസവും വിശുദ്ധഖുർആനുമായുള്ള യാത്ര തുടരേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പ്രത്യേകമായി ഊന്നിപറയുകയുണ്ടായി. അതിൽ എല്ലാ നിലയിലുള്ള വിഭാവങ്ങളും നിങ്ങൾക്കു ലഭിക്കുന്നതുമാകുന്നു

അതിൽ ശക്തമായി പറഞ്ഞ വിഭവം തഖ്‌വ തന്നെയാണ്. അതായത് അല്ലാഹുവിലുള്ള ഭയം ഖുർആന്റെ അഗാധതലങ്ങളിലുള്ള അർത്ഥങ്ങൾ മനസ്സിലാകക്കുവാൻ അതു തന്നെയാണ് ആവശ്യമായിട്ടുള്ളത്. തഖ്‌വയും ഖുർആനും ആരുടെയെങ്കിലും ദിവസവുമുള്ള ഭൗതികമായിട്ടുള്ള യാത്രയെ കുറിച്ച്

പരിഗണിക്കുന്നതല്ല. വർഷത്തിലൊരിക്കൽ നടത്തുന്ന യാത്രയിലൂടെ മാത്രം അതു നേടാവുന്നതുമല്ല.

നിങ്ങൾക്ക് ഖുർആൻ എല്ലാ ദിവസവും ആവശ്യമുള്ളതാണ്. എല്ലാ ദിവസവും തഖ്‌വയുടെ പിൻബലത്തിലാണ് ഖുർആനിൽ നിന്നും നിങ്ങൾക്ക് അല്പം ലഭിക്കുന്നത്. ഇത് തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. അടിസ്ഥാനപരമായ കാര്യമാണ്. ഇതിനായി പരിപാടി സംഘടിപ്പിക്കേണ്ട അത്യാവശ്യമില്ല. തീർച്ചയായും പരിപാടികൾ, വർഷത്തിലുടനീളം ഇതിനുള്ള താത്പര്യം സൃഷ്ടിക്കുവാൻ പര്യാപ്തമാണ്. ഇക്കാര്യത്തിൽ രക്ഷിതാക്കളുടെ താത്പര്യം പ്രത്യേകം അത്യാവശ്യമുള്ള കാര്യം തന്നെയാണ്. അവരെ ഇതിനായി ഉണർത്തേണ്ടതുണ്ട് ഒന്നാമതായി, രക്ഷിതാക്കൾ പിതാവും മാതാവും അവരിൽ തന്നെ ഈ താത്പര്യം വളർത്തേണ്ടതുണ്ട്. അവർ തീർച്ചയായും ഒരു തീരുമാനത്തിലെത്തേണ്ടതായിട്ടുണ്ട്. അതായത് അവർ അല്ലാഹുവിലേക്കുള്ള യാത്ര ആരംഭിക്കുക തന്നെ ! ഈ യാത്ര ഖുർആൻ ഇല്ലാതെ സാദ്ധ്യവുമല്ല. ഖുർആനുമായുള്ള ഈ യാത്ര ആരംഭിക്കുവാൻ അവരെ പ്രാപ്തരാക്കുവാൻ, നമ്മുടെ കയ്യിൽ അതിനുള്ള വിഭവങ്ങളുണ്ടായിരിക്കണം. അതായത് സാധാരണ ആളുകൾ യാത്ര പോകുമ്പോൾ അവരുടെ കയ്യിൽ ആവശ്യത്തിനുള്ള വിഭവങ്ങൾ കരുതുന്നതു പോലെ ! ഈ യാത്രയിലെ അടിസ്ഥാനപരമായിട്ടുള്ള വിഭവം തഖ്‌വ അത് കരുതേണ്ടതാകുന്നു.

ഇതിനായി അല്ലാഹു (ത) പ്രസ്താവിക്കുന്നു. പ്രസ്തുത യാത്രയ്ക്ക് സംശയരഹിതമായ ഒരു സമ്പൂർണ്ണഗ്രന്ഥം അനിവാര്യമാണ്. ഈ ഗ്രന്ഥം ദൈവത്തെ ഭയപ്പെടുന്ന യഥാർത്ഥ ഭക്തർക്ക് മാർഗദർശനം നല്കുന്നത് തന്നെയാണ് എന്നതിൽ ഒരു സംശയവുമില്ല. തഖ്‌വ ഖുർആനുമായി ബന്ധിതമാണ്. ചിലപ്പോൾ ആളുകൾ വർഷങ്ങളായി ഖുർആൻ വായിച്ചു കൊണ്ടിരിക്കുന്നുണ്ടാകും, എന്നാൽ അത് അവർ തത്ത ഉരുവിടുന്നതു പോലെ ഉരുവിടുന്നു എന്നു മാത്രം അവർ വായിക്കുന്നത് എന്താണെന്നറിയാതെ ! ഈ സാഹചര്യത്തിലാണ് നിങ്ങൾ അത്ഭുതപ്പെടുന്നത്, ഖുർആൻ പാരായണം ചെയ്യുന്ന പ്രസ്തുത വ്യക്തിക്ക് എങ്ങനെയാണ് ഇങ്ങനെ പെരുമാറുവാൻ കഴിയുന്നത്. അതായത് അനിസ്ലാമിക മാർഗത്തിൽ ! ഏതൊരുവൻ / ഏതൊരുവൾ സലാം പറഞ്ഞാൽ മടക്കാൻ തയ്യാറാകുന്നില്ലയോ, കുടുംബ ബന്ധം വിച്ഛേദിക്കുന്നുവോ, നിങ്ങളെ ബഹിഷ്ക്കരിക്കു

ന്നുവോ, മാനവ ഹൃദയങ്ങളിൽ വെറുപ്പ് സൃഷ്ടിക്കുന്നുവോ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പുറം തിരിഞ്ഞു നില്ക്കുകയും നിരസിക്കുകയും ചെയ്യുന്നുവോ, അല്ലാഹുവിന്റെ ദാസന്റെ മേൽ സ്വേച്ഛയാൽ കല്പിക്കുന്ന ആരോപണങ്ങൾ നല്കുന്നുവോ, മറ്റുള്ളവരെ ഉപദ്രവിക്കുവാൻ ഗൂഢാലോചന നടത്തുന്നുവോ, പിന്നിൽ നിന്ന് കുത്തുന്നുവോ, തന്റെ സഹോദരന്റെ മാംസം ആസ്വാദ്യപൂർവ്വം ഭക്ഷിക്കുന്നുവോ, തങ്ങളെക്കാൾ താഴ്ന്നവരെ, ചെറിയവരെ മോശക്കാരായി ചിത്രീകരിക്കുന്നുവോ, തങ്ങൾ മററുള്ളവരെക്കാൾ പദവിയിൽ ശ്രേഷ്ഠരാണ്, വലിയവരാണ് എന്ന് അഹംഭാഹത്തോടെ കരുതുക, അതു പ്രകടിപ്പിക്കുക, തന്റെ രക്തത്തിൽ അസൂയ കുത്തിവെയ്ക്കുക, ഭൂമിയിൽ അതിനെ പിളർക്കുന്ന ഭാവത്തിൽ നടക്കുക, വലിയ അഹംഭാവത്തോടെ നെഞ്ച് വിരിച്ച് നടക്കുക, മറ്റുള്ളവരെ വിമർശിക്കുക, ആളുകൾ എന്താണ് ചെയ്യുന്നതെന്ന് രഹസ്യമായി അന്വേഷിക്കുക. തൊഴിലാളികളെ പീഡിപ്പിക്കുക (അതായത് അവരെ ബുദ്ധിമുട്ടിലാക്കുകയും അവർക്കവകാശപ്പെട്ടതൊന്നും കൊടുക്കാതിരിക്കുകയും ചെയ്യുക) വഴക്കുകൂടുക, അഥവാ വ്യർത്ഥമായ കാര്യത്തിനായി തർക്കത്തിലേർപ്പെടുക. അത്തരം തർക്കങ്ങൾ ഒടുവിൽ കയ്യാങ്കളിയിലെത്തുക. അനിസ്ലാമിക വസ്ത്രധാരണം നടത്തുക, അതായത് പർദ്ദ ധരിക്കാതിരിക്കുക, മറ്റുള്ളവരുടെ പണം മോഷ്ടിക്കുക, അനിസ്ലാമിക മാർഗ്ഗത്തിൽ ധനം സമ്പാദിക്കുക, ചൂതാട്ടത്തിലേർപ്പെടുക (ഭാഗ്യം പരീക്ഷിക്കുന്ന കളികൾ / ലോട്ടറികൾ / കുതിരപന്തയം തുടങ്ങിയവ) തങ്ങളിലേക്ക് മറ്റുള്ളവരെ ആകർഷിക്കുവാനായി കാലുകളിൽ പാദസരങ്ങൾ അണിയുക, മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ മാന്യതയും ബഹുമാനവും പുലർത്താതിരിക്കുക തുടങ്ങിയവ. ഇങ്ങനെ ധാരാളം കാര്യങ്ങൾ ഇനിയും ചൂണ്ടി കാണിക്കുവാനുണ്ട്. ഇവയൊക്കെ ഖുർആൻ നിന്ദിച്ചിട്ടുള്ള കാര്യങ്ങളാണ്. കുറ്റപ്പെടുത്തിയിട്ടുള്ള കാര്യങ്ങളാണ്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ തഖ്വ ഇല്ലാത്ത യാത്രയാണ്. ഇതും ഒരു യാത്ര തന്നെ. അതെ വളരെ നിരാശ നല്കുന്ന യാത്രയാണിത് ചതിനിറഞ്ഞതും !

വസ്തുത ഇതാണ്, ഖുർആനുമായുള്ള ബന്ധം, നമ്മിലുള്ള തഖ്വ നമ്മെ ഉണർത്തുന്നതെന്തെന്നാൽ, ഖുർആനിൽ നമ്മെ സ്വയം രക്ഷപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നു. നേർപാതയിൽ നിലകൊള്ളാൻ എന്തു പാതയാണ് നാം തെരഞ്ഞെടുക്കേണ്ടതെന്ന് അത് നമ്മെ പഠിപ്പിക്കുന്നു. തഖ്വയുടെ

അടിസ്ഥാന അർത്ഥം നിങ്ങൾ നിങ്ങളെ തന്നെ എങ്ങനെ സംരക്ഷിക്കാമെന്ന് പഠിക്കലാണ്. ഏതു പാതയിലൂടെ മുന്നോട്ടു പോയാൽ അതു നേടാം (അതായതു നേർപാത തെരഞ്ഞെടുക്കുക. തെറ്റായ പാത ആയിരിക്കരുത്) തഖ്‌വയുടെ ഫലമെന്ന നിലയിൽ ഒരാൾ ഖുർആനെ കുറിച്ച് ആഴത്തിൽ ചിന്തിക്കുമ്പോൾ (അതിലുള്ള എല്ലാ കാര്യങ്ങളെകുറിച്ചും) അപ്പോൾ അല്ലാഹു(ത) അവനെ / അവളെ അതിന്റെ അർത്ഥങ്ങൾ മനസ്സിലാക്കുവാൻ സഹായിക്കുന്നതാണ്. ഇതേ വിഷയം തന്നെയാണ്, മറ്റൊരു സ്ഥലത്തും പരാമർശിക്കുന്നത് (അതായത് ഖുർആനിലെ മറ്റൊരു വചനത്തിൽ അല്ലാഹു (ത) പറയുന്നു. ജനങ്ങൾ ഖുർ ആനെ കരസ്ഥമാക്കുവാനായി കൈകൾ നീട്ടുന്നു. എന്നാൽ അല്ലാഹുവിനെ കിട്ടിയവർക്കു മാത്രമെ, ഖുർആനെയും കിട്ടുകയുള്ളു.

ആയതിനാൽ, ജമാഅത്തിലെ ഓരോ അംഗവും ഖുർആൻ പാരായണത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്. നിങ്ങൾ അപ്രകാരം ചെയ്യേണ്ടത് പരിഭാഷയോടൊപ്പമായിരിക്കണം. ഖുർആൻ അതിന്റെ പരിഭാഷയോടൊപ്പം ദിവസവും പാരായണം ചെയ്യുന്നതിൽ നിന്നും ഒഴിഞ്ഞുമാറി നില്ക്കരുത്. ചില പ്രത്യേക സാഹചര്യങ്ങളിൽ കഴിഞ്ഞില്ലെങ്കിൽ പോലും ! ഖുർആൻ അതിന്റെ പരിഭാഷയോടൊപ്പം പാരായണം ചെയ്യുന്ന ശീലം കുട്ടികളിൽ വളർത്തി എടുക്കേണ്ടതാണ്. ഇപ്പോൾ കുട്ടികൾ സ്കൂളുകളിൽ പോകുന്നതിനെ പറ്റി ചിന്തിക്കു, ഇക്കാര്യത്തിന് നിങ്ങൾ എന്തു മാത്രം പ്രയത്നമാണ് ചെയ്യുന്നത്. കുട്ടികൾക്ക് പ്രഭാതഭക്ഷണം കൊടുക്കുന്നതിനായി അമ്മമ്മാർ അവരുടെ പിറകെ പോകുന്നു. അവരെ കുളിപ്പിക്കുന്നു. സ്കൂളുകളിലേക്ക് പോകുവാനായി അവരെ തയ്യാറാക്കുന്നു. സ്ക്കൂളുകളിലേക്ക് വിടുന്നതിനായി ഈ പ്രവർത്തനങ്ങളെല്ലാം അവർ ചെയ്യുന്നു. (അതായത് ഭൗതിക വിദ്യാഭ്യാസം നേടുന്നതിനായി) സ്ക്കൂൾ പഠനം ഒരു കാരണവശാലും നഷ്ടപ്പെടുവാൻ പാടില്ല. എന്നാൽ വളരെ ദൗർഭാഗ്യകരമെന്നു പറയട്ടെ, ഈ കുട്ടികൾക്ക് ഖുർആനിലേക്കുള്ള യാത്രയ്ക്കു വേണ്ടി ഈ രക്ഷകർത്താക്കൾ ഒന്നും ചെയ്യുന്നില്ല. അവർ തങ്ങളുടെ കുട്ടികൾക്ക് ഭൗതിക വിദ്യാഭ്യാസം നല്കുന്നതിനു വേണ്ടിയുള്ള കാര്യത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

ഒരു പള്ളി നിർമ്മിക്കുക എന്നത് വളരെ നല്ല കാര്യമാണ്. ഒരു നല്ല സംരംഭം തന്നെയാണ് എന്നാൽ നിങ്ങൾ അവിടെ നമസ്ക്കരിക്കുന്നവരെ സൃഷ്ടിക്കുക

എന്നത് അതിന്റെ ലക്ഷ്യമായിരിക്കണം. നമസ്ക്കാരക്കാരെ സൃഷ്ടിക്കാതെ പള്ളി വെച്ചാൽ, അത്തരം പള്ളികൾ കൊണ്ട് എന്തു പ്രയോജനമാണുള്ളത് ? പറയാൻ കഴിയും, ഞങ്ങൾക്ക് ധാരാളം പള്ളികളുണ്ട് എന്ന് ! അതിൽ നമസ്ക്കാരക്കാരില്ല എന്നത് ഒരു വസ്തുതയാണ്. രാത്രിയല്ലാതെ തുറക്കാത്ത പള്ളികളും ഉണ്ട് എന്നതൊരുവസ്തുതയാണ്. അവർ അവിടെ വളരെ കുറച്ചു പ്രകാശമാണ് പരത്തുന്നത്. ഒരു പള്ളിയിൽ ആത്മീയ പ്രകാശം ഉൾകൊണ്ടിരിക്കണം. എല്ലാ പ്രാർത്ഥനാ സമയത്തും പള്ളിയിൽ ആത്മീയ പ്രകാശം ഉൾക്കൊണ്ടിരിക്കണം. എല്ലാ പ്രാർത്ഥനാ സമയത്തും പള്ളിയിൽ ആത്മീയമായ ഒരാനന്ദം വിളയാടണം. എന്നാൽ ഒരു പള്ളിയിൽ നമസ്ക്കരിക്കുവാൻ ആളിലെങ്കിൽ, വലിയ വലിയ പരിപാടികൾ വല്ലപ്പോഴും സംഘടിപ്പിക്കുകയാണെങ്കിൽ, നിത്യേന അവിടം ഉപയോഗിപ്പെടുന്നില്ലെങ്കിൽ, വിശിഷ്യാ നമസ്ക്കാരക്കാർ പള്ളിയിൽ നിന്നും വളരെ ദൂരെ താമസിക്കുകയാണെങ്കിൽ, എന്താണ് പള്ളികൊണ്ടുള്ള പ്രയോജനം ? ആയതിനാൽ, പള്ളി നിർമ്മിക്കുന്നതിന് മുൻപ് പള്ളിയുടെ സമീപത്ത് പള്ളിയിൽ വന്ന് ആരാധന നടത്തുവാൻ ആളുകൾ ഉണ്ടോ ഇല്ലയോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. അവിടെ ബാങ്ക് വിളിക്കപ്പെട്ടാൽ അവർ വരുകയും നിത്യേന ജമാഅത്തായി നമസ്ക്കാരം നടത്തപ്പെടുകയും ചെയ്താൽ, അത്തരം പള്ളികൾ യഥാർത്ഥമായും പ്രയോജനകരം തന്നെയാണ്. അത് വാക്ക് കൊണ്ട് പറഞ്ഞ സ്ഥലമായാലും ശരി, ഏതെങ്കിലും ലോഹത്തകിടുകൊണ്ടോ, ഇരുമ്പുതകിടുകൊണ്ടോ ഉണ്ടാക്കിയതായാലും ശരി.

പള്ളികൾ ആളുകളെകൊണ്ട് നിറയപ്പെടണം. അതിനനുസരിച്ചുള്ള പള്ളികൾ വേണം. അതിൽ വളരെയധികം അനുഗ്രഹങ്ങൾ ഉണ്ടാകുന്നതാണ്. ഇതാണ് അല്ലാഹുവിന്റെ പള്ളി ! ഇനി, പുരുഷന്മാരെല്ലാം ജോലിക്കു പോവുകയാണെങ്കിൽ, പ്രാർത്ഥനാ സമയത്ത് ഒരു പുരുഷനും സ്ഥലത്തില്ലെങ്കിൽ, അപ്പോൾ സ്ത്രീകൾ പള്ളികളിലേക്ക് പോകേണ്ടതാണ് എന്നിട്ട് അവിടം ഐശ്വര്യ പൂർണ്ണമാക്കേണ്ടതാണ്. പള്ളികളിലേക്ക് പോകുന്നത് സ്ത്രീകൾക്ക് വിലക്കുള്ള കാര്യമല്ല. ഇത് അവർക്ക് നിർബന്ധമായ കാര്യമല്ല. അതെ അവർക്ക് വളരെയധികം ജോലികൾ ചെയ്യുവാനുണ്ട് എന്നാൽ അവർക്കും പള്ളിയിൽ ഒരിടം ഉണ്ട് !

അവർക്കെങ്ങനെയാണ് ഹജ്ജിന് പോകുവാൻ കഴിയുന്നത് ? പുരുഷന്മാരോട് ഇടകലർന്ന് ! അവർക്ക് ദർഗ്ഗാകളിൽ പോകുന്നതിന് ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലല്ലോ ? വിനോദങ്ങളിൽ പങ്കെടുക്കുന്നതിനും നിയന്ത്രണമില്ലല്ലോ ? ടി.വി. കാണുക, സിനിമാ കാണുക തുടങ്ങിയവയ്ക്കും നിയന്ത്രണമില്ലല്ലോ എന്നാൽ അവരെ പള്ളിയിൽ പോകുന്നതിൽ നിന്നുമാത്രമാണ് ആട്ടി ഓടിച്ചിരിക്കുന്നത് ? അതെ ! അനേകം സന്ദർഭങ്ങളിൽ യുദ്ധസമയത്ത്, ജിഹാദിന്റെ അവസരങ്ങളിൽ, പുരുഷന്മാർക്ക് പ്രസ്തുത ജോലി ചെയ്യുവാൻ സാധിക്കാതെവരുമ്പോൾ, പ്രസ്തുത ജോലികൾ സ്ത്രീകൾ ഏറ്റെടുത്തു ചെയ്തിട്ടുണ്ട്.

എന്തായാലും പ്രശ്നങ്ങളൊന്നുമില്ല ! നാം പള്ളികളെ സജീവമായി നിലനിർത്തേണ്ടതാണ്. ഇത്തരം സാഹചര്യങ്ങൾ നിലനില്ക്കുകയാണെങ്കിൽ, കടമ എന്ന നിലയിൽ തന്നെ സ്ത്രീകൾ, പ്രാർത്ഥനയ്ക്കായി പള്ളിയിലേക്ക് പോകേണ്ടതും, പ്രാർത്ഥിക്കേണ്ടതുമാണ്. കാരണം അവിടെ പുരുഷന്മാരാരുമില്ല. അപ്പോൾ, സ്ത്രീകൾ, അവർ പള്ളികളെ സജീവമായി നിലനിർത്തേണ്ടതാണ്. അവിടെ നിലവിലുള്ള ഒരേ ഒരു വ്യവസ്ഥ അവർ പർദ്ദ ആചരിക്കേണ്ടതാണ്. പള്ളിയിലും ഒരു പർദ്ദ ഉണ്ടായിരിക്കണം. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രാർത്ഥന നടത്തുവാനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. അവർക്ക് പള്ളിയിൽ പ്രവേശിക്കുവാനും പുറത്തു പോകുവാനും പ്രത്യേകം വാതിൽ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ പള്ളിയിൽ, സ്ത്രീകൾക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു അപരിചിതൻ എപ്പോഴെങ്കിലും അവിടെ വന്നാൽ, സ്ത്രീകൾ, അവർ, പർദ്ദയിൽ തന്നെ ആയിരിക്കേണ്ടതാണ്.

ആയതിനാല്, ഖുർആന്റെ പ്രസ്തുത നിർദ്ദേശത്തിന് പ്രാധാന്യം കൊടുക്കുക. ഖുർആൻ മനസ്സിലാക്കുന്നതിന്, തഖ്‌വ ഒഴിച്ചുകൂടാൻ കഴിയാത്ത ഘടകമാകുന്നു. തഖ്‌വ ഇല്ലാതെ നിങ്ങൾക്ക് ഖുർആന്റെ ലക്ഷ്യത്തിലെത്തിച്ചേരുവാൻ സാധിക്കുകയില്ല. തഖ്‌വ, മസ്ജിദുമായി വളരെ ബന്ധിതമാകുന്നു. പ്രസ്തുത ബന്ധം അഗാധമായതാണ്. മസ്ജിദ് ഇല്ലാതെ ഒരാൾക്ക് തഖ്‌വയിലെത്തിച്ചേരുവാൻ സാധിക്കുകയില്ല. അതിന്റെ മറ്റൊരു ഭാഗം മുത്തഖീങ്ങളില്ലാതെ (അല്ലാ

ഹുവിനെ ഭയപ്പെടുന്നവര്‍) പള്ളികള്‍ക്ക് യാതൊരു സൗന്ദര്യവുമില്ല. വിശുദ്ധ ഖുര്‍ആന്‍ ഈ കാര്യം വളരെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ഖുര്‍ആന്‍ പറഞ്ഞിരിക്കുന്നു ; നിങ്ങള്‍ പള്ളിയിലേക്കു പോകുമ്പോള്‍, നിങ്ങള്‍ സൗന്ദര്യം കൈകൊള്ളുക. അതായത്, തഖ്‌വയോടു കൂടി പോകുക. തഖ്‌വ ഇല്ലാതെ നിങ്ങള്‍ പോയാല്‍ പള്ളിയിലേക്കുള്ള വഴിയില്‍ നിങ്ങള്‍ പുകവലിച്ചാല്‍, മറ്റുള്ളവരോട് മോശമായി സംസാരിച്ചാല്‍ ജനങ്ങളെ പിന്നില്‍ നിന്നും കുത്തിയാല്‍, മറ്റുള്ളവരുടെ ജീവിതത്തെകുറിച്ച്, വ്യാപാരത്തെകുറിച്ച് രഹസ്യാന്വേഷണം നടത്തിയാല്‍, കുതിരപന്തയം പോലുള്ള കളികളിലേര്‍പ്പെട്ടാല്‍, അപ്പോള്‍ പള്ളി ശൂന്യമായിതീര്‍ന്നിരിക്കുന്നു. (ആളുകള്‍ അതിലുണ്ടെങ്കിലും) ആത്മീയമായി അവര്‍ ശൂന്യമായിരിക്കും) നിങ്ങള്‍ പള്ളിയിലേക്കു പോയാല്‍, നിങ്ങള്‍ നിങ്ങളുടെ കച്ചവടത്തെ പറ്റി ചിന്തിച്ചുകൊണ്ടിരുന്നാല്‍, എങ്ങനെ കൂടുതല്‍ പണം നേടാമെന്ന് ആലോചിച്ചാല്‍, പ്രാര്‍ത്ഥനാ സമയത്തുപോലും, നിങ്ങളുടെ ശ്രദ്ധ അല്ലാഹുവിലല്ല, മറിച്ച് ഭൗതിക കാര്യങ്ങളിലാണ്. അപ്പോള്‍ അല്ലാഹുവിന്റെ കണ്ണില്‍ പള്ളി ശൂന്യമാകുന്നു.

ആയതിനാല്‍ പള്ളിയിലേക്കു പോകുമ്പോള്‍ ഖുര്‍ആന്റെ കല്പനകളനുസരിച്ച് പ്രവര്‍ത്തിക്കുക. നിങ്ങള്‍ തഖ്‌വയിലധിഷ്ഠിതമായി അവിടെ വര്‍ത്തിക്കുക. ദൈവസ്മരണ അധികമായി നിലനിര്‍ത്തുക. ഇന്‍ശാ അല്ലാഹ്. നിശ്ചയമായും തഖ്‌വയുടെ സൗന്ദര്യത്താല്‍ നിങ്ങള്‍ക്ക് ഈ ലോകത്തുവച്ചു തന്നെ സ്വര്‍ഗ്ഗത്തിന്റെ സുഗന്ധം നുകരുവാന്‍ സാധിക്കുന്നതാണ്; നേടുവാന്‍ കഴിയുന്നതാണ്. ഇന്‍ശാ അല്ലാഹ് !

സമയ ചുരുക്കത്താല്‍ ഇന്നത്തെ പ്രസംഗം ഇവിടെ നിര്‍ത്തുന്നു. ഇന്‍ശാ അല്ലാഹ് ! അടുത്ത ആഴ്ച ഇതേ വിഷയം തുടരുന്നതാണ്. ആമീന്‍

**Issued by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**